(സി) എന്തെല്ലാം കേന്ദ്രസഹായങ്ങളാണ് ഇതിനായി ലഭിക്കുന്നതെന്ന് വിശദമാക്കുമോ ;

(ഡി) പദ്ധതി നടപ്പാക്കുന്നതിൽ എത്രമാത്രം പുരോഗതി കൈവരിച്ചിട്ടുണ്ട് ; വിശദമാക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി-ഡി) ബാധകമല്ല.

കോഴിക്കോട് കുണ്ടുപറമ്പ് മാവേലി സ്റ്റോർ കെട്ടിടത്തിന്റെ വാടക

246 (7217) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് കോർപ്പറേഷൻ പരിധിയിലെ കുണ്ടുപറമ്പിലുള്ള മാവേലിസ്റ്റോറിന് വാടക നൽകുന്നതുമായി ബന്ധപ്പെട്ട 9247/സി/13/എഫ്.& സി.എസ്.ഡി. നമ്പർ ഫയൽ എന്നാണ് ആരംഭിച്ചതെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ഫയലിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് തീയതിസഹിതം വിശദമാക്കുമോ ;

(സി) പ്രസ്തുത ഫയലിൽ തീരുമാനമെടുക്കുന്നതിന് കാലതാമസം നേരിടുന്നതിനുള്ള കാരണങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) കോഴിക്കോട് പുതിയങ്ങാടി പ്രദേശത്തെ മാവേലി സ്റ്റോറിന്റെ കെട്ടിട വാടക സംബന്ധിച്ച കത്ത് 5-7-2013-ൽ സർക്കാരിൽ ലഭിച്ചിരുന്നു. മേൽ വിഷയത്തിൽ ആവശ്യമായ നടപടികൾ സ്വീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കുന്നതിനായി പ്രസ്തുത കത്തിന്റെ പകർപ്പ് 15-7-2013-ന് സപ്ലൈകോയ്ക്ക് നൽകിയിരുന്നു. കുണ്ടുപറമ്പ് മാവേലി സ്റ്റോറിന്റെ മൂന്നാം വർഷത്തെ വാടക സപ്ലൈകോ നൽകുന്നതിനായി സിവിൽസപ്ലൈസ് കോർപ്പറേഷന്റെ ബോർഡ് 23-12-2013-ൽ തീരുമാനിക്കുകയും ആയതിനുള്ള നിർദ്ദേശം കോഴിക്കോട് മേഖലാ മാനേജർക്ക് 18-1-2014-ന് നൽകുകയും ചെയ്തുവെന്ന് 4-7-2014-ലെ കത്ത് പ്രകാരം സപ്ലൈകോ സർക്കാരിനെ അറിയിച്ചിരുന്നു. കുണ്ടുപറമ്പ് മാവേലി സ്റ്റോറിന്റെ മൂന്നാം വർഷത്തെ വാടക കുടിശ്ശികയായ 70056 (എഴുപതിനായിരത്തി അൻപത്തി ആറ് രൂപ) കെട്ടിട ഉടമയ്ക്ക് 7-7-2014-ലെ 1022709 നമ്പർ ചെക്ക്പ്രകാരം നൽകിയിട്ടുള്ളതായി 8-7-2014-ൽ സപ്ലൈകോ സർക്കാരിൽ അറിയിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly